ഉത്തരം

(എ - ജി) എറണ്ണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സിൽ ബ്ലോക്ക് 12 ഇല്ല.

വനിതാ പോലീസ് കോൺസ്റ്റബിൾമാരെ സ്വന്തം ജില്ലയിൽ നിയമിക്കാൻ നടപടി

53 (5964) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയ വനിതാ പോലീസ് കോൺസ്റ്റബിൾമാരെ സ്വന്തം ജില്ലയിൽ നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) 10 വർഷം സർവ്വീസ് പൂർത്തീകരിച്ച പോലീസ് കോൺസ്റ്റബിൾമാരെയും സ്വന്തം ജില്ലയിൽ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

പോലീസ് സേനയിലെ ഹെഡ് കോൺസ്റ്റബിൾ-ഡ്രൈവർമാർ

54 (5965) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ വിവിധ വിഭാഗങ്ങളിലായി എത്ര വാഹനങ്ങൾ ഉണ്ട് ; ലൈറ്റ്, ഹെവി വെഹിക്കിൾ എന്നിവ ഇനം തിരിച്ച് ഓരോ വിഭാഗങ്ങളിലേയും എണ്ണം വിശദമാക്കുമോ ;

(ബി) കേരള പോലീസിലെ വിവിധ വിഭാഗങ്ങളിലായി എത്ര ഡ്രൈവർ തസ്തിക നിലവിലുണ്ട് ; ഇതിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര മണിക്കൂർ ഡ്യൂട്ടി സമയമാണ് ഒരു ഡ്രൈവർ ഒരു ദിവസം ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പോലീസ് സേനയിലെ ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർമാർക്ക് എ.എസ്.ഐ. ഗ്രേഡ്, എസ്.ഐ. ഗ്രേഡ് എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) നിശ്ചിത വർഷം പൂർത്തിയാക്കിയ പോലീസുകാർക്ക് എ.എസ്. ഐ., എസ്.ഐ. പ്രൊമോഷൻ തസ്തികകൾ നൽകിവരുന്നതുപോലെ ഹെഡ്കോൺസ്റ്റബിൾ ഡ്രൈവർമാർക്കും എ.എസ്.ഐ, എസ്.ഐ. പ്രൊമോഷൻ നൽകിവരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly